**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3194** **07-10-2025 - ൽ മറുപടിയ്ക്ക്**

**അർജന്റീന ടീമിന്റെ സൗഹൃദ മത്സരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരണം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | സമഗ്ര കായിക വികസനവുമായി ബന്ധപ്പെട്ട് വിദേശ ടീമായ അർജന്റീനിയൻ ഫുട്ബോൾ ടീമിനെ കേരളത്തിൽ കളിക്കുന്നതിനായി ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നവംബർ മൂന്നാം വാരം ലോകകപ്പ് ജേതാക്കളായ അർജന്റീനിയൻ ടീം കേരളത്തിൽ കളിക്കുന്നതിനായി സമ്മതം അറിയിക്കുകയും ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ക്യൂബയുമായി സഹകരിച്ച് ഓൺലൈൻ ചെസ്സ് ടൂർണമെന്റ്, ജൂഡോ, ബോക്സിംഗ്, റെസ്ലിംഗ്, ട്രാക്ക് & ഫീൽഡ് വിഭാഗങ്ങളിലെ പരിശീലകരുടെ എക്സ്ചേഞ്ചിന് സർക്കാർ അനുമതി നൽകുകയും ചെയ്തു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>സമഗ്ര കായികവികസനം ലക്ഷ്യമിട്ട് വിദേശ ഗവൺമെന്റുകളുമായി സഹകരണം ശക്തമാക്കി വരികയാണ്. നെതർലൻഡ്സ് ഫുടബോൾ അസോസിയേഷനും നെതർലൻഡ്സിലെ ബൊവ്ലാൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കി.<br><br>ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴസിറ്റിയുമായി സഹകരിക്കുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടം എന്ന നിലയിൽ പരിശീലകർക്കുള്ള പരിശീലനം നടന്നു.<br><br>ലോകത്തെ പ്രമുഖ ക്ലബായ എ സി മിലാനുമായി ചേർന്ന് ജി വി രാജ സ്പോർട്സ് സ്കൂളിൽ ഫുട്ബോൾ അക്കാദമി നടക്കുന്നു. |
| (ബി) | അർജന്റീന ടീമിന്റെ സൗഹൃദ മത്സരം വഴി കായികരംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ; | (ബി) | അർജന്റീനയുമായുള്ള സാംസ്കാരിക ബന്ധങ്ങൾ ശക്തിപ്പെടുത്താനും ദീർഘകാല സഹകരണം പ്രോത്സാഹിപ്പിക്കാനും സൗഹൃദ മൽസരം സഹായിക്കും. ഈ പദ്ധതിയിലൂടെ ടൂറിസവും |

| | | | |
|---|---|---|---|
| | | | കായികമേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളും കാര്യമായ സാമ്പത്തിക വളർച്ച കൈവരിക്കുമെന്നും പ്രതീക്ഷിക്കുന്നു. അർജന്റീന ടീമിന്റെ സൗഹൃദ മൽസരം സംഘടിപ്പിക്കുന്നതിലൂടെ കേരളത്തെ ഒരു ആഗോള ഫുട്ബോൾ കേന്ദ്രമാക്കി മാറ്റുന്നതിനോടൊപ്പം കേരളത്തിന്റെ പ്രശസ്തിയും ദൃശ്യപരതയും വർദ്ധിപ്പിക്കുക എന്നതുമാണ് പ്രധാന ലക്ഷ്യം. |
| (സി) | പരിശീലന-മത്സര രംഗത്ത് അർജന്റീന ഫുടബോൾ അസോസിയേഷനുമായി സഹകരണത്തിന് ധാരണയായിട്ടുണ്ടോ? | (സി) | അർജന്റീനിയൻ ഫുട്ബോൾ ടീമിനെ കേരളത്തിൽ കളിക്കുന്നതിനായി ക്ഷണിക്കുവാൻ ബഹുമാനപ്പെട്ട കായിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കായിക വകുപ്പ് സെക്രട്ടറി, കായിക യുവജന കാര്യാലയം ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന സംഘം സ്പെയിൻ സന്ദർശിക്കുകയും അർജന്റീന ടീമിനെ ക്ഷണിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നവംബർ മൂന്നാം വാരം ലോകകപ്പ് ജേതാക്കളായ അർജന്റീനിയൻ ഫുട്ബോൾ ടീം കേരളത്തിൽ കളിക്കുന്നതിനായി സമ്മതം അറിയിക്കുകയും ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഈ സന്ദർശനത്തിന്റെ ഭാഗമായി ലാ ലീഗ, സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായി കായിക വികസനത്തിനുള്ള ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സമഗ്ര കായിക വികസനവുമായി ബന്ധപ്പെട്ട് വിദേശ ടീമായ അർജന്റീനിയൻ ഫുട്ബോൾ ടീമിനെ കേരളത്തിൽ കളിക്കുന്നതിനായി ക്ഷണിക്കുവാൻ ബഹുമാനപ്പെട്ട കായിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കായിക വകുപ്പ്, സെക്രട്ടറി, കായിക യുവജന കാര്യാലയം ഡയറക്ടർ ഉൾപ്പെടുന്ന സംഘം സ്പെയിൻ സന്ദർശിക്കുകയും അർജന്റീന ടീമിനെ ക്ഷണിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നവംബർ മൂന്നാം വാരം ലോകകപ്പ് ജേതാക്കളായ അർജന്റീനിയൻ കേരളത്തിൽ കളിക്കുന്നതിനായി സമ്മതം അറിയിക്കുകയും ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഈ സന്ദർശനത്തിന്റെ ഭാഗമായി ലാലീഗ, സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായി കായിക വികസനത്തിനുള്ള ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

## ക്യൂബയുമായി കായികമേഖലയിലെ സഹകരണം

കേരളവും ക്യൂബയുമായി സഹകരിച്ച് സംസ്ഥാനത്തെ വിവിധ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബോക്സിംഗ്, വോളിബോൾ ചെസ് എന്നീ ഇനങ്ങളിൽ ക്യൂബയുമായി സഹകരിച്ച് സംസ്ഥാനത്ത് വിവിധപദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനകായികവകുപ്പ് പ്രതിനിധികളും ക്യൂബൻ അമ്പാസിഡറുമായി നടന്ന ചർച്ചകളിൽ തീരുമാനിച്ചു.

## ഓൺലൈൻ ചെസ്സ് ടൂർണമെൻറ്

ക്യൂബയും കേരളവുമായി ഇന്റർനാഷണൽ ചെസ് ടൂർണമെൻറ് നടത്തുന്നതിനായി 18.11.2023 ജി.ഒ(ആർ.റ്റി) 335/2023/S& YA പ്രകാരം 87,69,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2023 നവംബർ 16 മുതൽ 20 വരെ കേരളത്തിലെ തിരുവനന്തപുരത്തുള്ള ഹയാത്ത് റീജൻസിയിൽ വച്ച് കേരള ക്യൂബ 'ചെ' ഇന്റർനാഷണൽ ചെസ്സ് ഫെസ്റ്റിവൽ നടത്തി. മൂന്ന് ഗ്രാൻഡ്മാസ്റ്റർമാരും (ജിഎം) ഒരു വനിതാ ഗ്രാൻഡ്മാസ്റ്ററും (ഡബ്ല്യുജിഎം) ഉൾപ്പെടുന്ന ക്യൂബൻ ടീം പങ്കെടുത്ത ഒരു അഭിമാനകരമായ ചെസ്സ് മത്സരമായിരുന്നു. ചെസ്സിന്റെ സമ്പന്നമായ പാരമ്പര്യം പ്രദർശിപ്പിക്കുക മാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ ചെസ്സ് പ്രേമികൾക്ക് ലോകത്തിലെ ഏറ്റവും മികച്ച കളിക്കാരിൽ നിന്ന് മത്സരിക്കാനും പഠിക്കാനുമുള്ള ഒരു സവിശേഷ അവസരം കൂടി ഈ പരിപാടി നൽകി. ചെസ് ഫെസ്റ്റിവലിനോട് അനുബന്ധിച്ച്, നവംബർ 12-ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു കർട്ടൻ റൈസർ ചെസ്സ് ഇവന്റ് നടത്തി, അതിൽ നിന്ന് യുവ പ്രതിഭകളെ തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത യുവ പ്രതിഭകളുമായി ക്യൂബൻ ഗ്രാൻഡ്മാസ്റ്റർമാർ ഒരേസമയം ചെസ്സ് മത്സരങ്ങളിലും ഏർപ്പെട്ടു. കേരളവും ക്യൂബൻ ടീമും തമ്മിൽ മത്സരങ്ങൾ ഉണ്ടായിരുന്നു. കേരള ടീമിനെ പ്രതിനിധീകരിച്ചത് ഗ്രാൻഡ്മാസ്റ്റർ എസ്എൽ നാരായണൻ, ഇന്റർനാഷണൽ മാസ്റ്റർ ജുബിൻ ജിമ്മി, ഫൈഡ് മാസ്റ്റർ ഗൗതം കൃഷ്ണ, വനിതാ ഇന്റർനാഷണൽ മാസ്റ്റർ നിമ്മി എജി എന്നിവരാണ്. ചെസ് പരിശീലന സെഷനുകൾ ഇന്റർനാഷണൽ മാസ്റ്റർ വി ശരവണൻ, ഗ്രാൻഡ്മാസ്റ്റർ ആർബി രമേഷ് എന്നിവർ നടത്തി. അവസാന ദിവസം ദേശീയ അഭിമാനമായ ഗ്രാൻഡ്മാസ്റ്റർ പ്രഗ്നാനന്ദയും ഗ്രാൻഡ്മാസ്റ്റർ നിഹാൽ സരിനും പരസ്പരം മത്സരിക്കുകയും 16 യുവ പ്രതിഭകളുമായി ഒരേസമയം ചെസ്സ്

മത്സരങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഗ്രാൻഡ്മാസ്റ്റർമാർ, മറ്റ് ചെസ്സ് പ്രതിഭകൾ, ആർബിട്രേറ്റർമാർ, ഡിജിറ്റൽ ബോർഡ് ഓപ്പറേറ്റർമാർ, ചെസ്സ് വിശിഷ്ട വ്യക്തികൾ എന്നിവരെ സമാപന ചടങ്ങിൽ ആദരിച്ചു.

**ജൂഡോ, ബോക്സിംഗ്, റെസ്ലിംഗ്, ട്രാക്ക് & ഫീൽഡ്**

07.10.2023 ലെ ജി.ഒ(ആർ.റ്റി).296/2023/S& YA പ്രകാരം ജൂഡോ, ബോക്സിംഗ്, റെസ്ലിംഗ്, ട്രാക്ക് & ഫീൽഡ് വിഭാഗങ്ങളിലെ പരിശീലകരുടെ എക്സ്ചേഞ്ചിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കായിക സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നതിന് ഏകോപിപ്പിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും 10.09.2024 ലെ ജി.ഒ(ആർ.റ്റി).228/2024/S& YA പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ സ്പോർട്സ് & യൂത്ത് അഫയേഴ്സ് സെക്രട്ടറി, സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡയറക്ടർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്/വൈസ് പ്രസിഡന്റ്, ക്യൂബയുടെ 2 പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു.

വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കാൻ 4 പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. വിദ്യാർത്ഥികളുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാം
2. 15 ദിവസത്തെ ബോക്സിംഗ് പരിശീലന പരിപാടി
3. കാലിക്കറ്റ് സ്പോർട്സ് സയൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം
4. ക്യൂബയിൽ നിന്നുള്ള പരിശീലകരെ നിയമിക്കൽ

കായിക പരിശീലനം, സ്പോർട്സ് സയൻസ്, അക്കാദമിക് എക്സ്ചേഞ്ച് എന്നിവയുൾപ്പെടെ വിവിധ മേഖലകളിലായി ദീർഘകാല സഹകരണം രൂപപ്പെടുത്തുന്ന ഒരു ധാരണാപത്രം അമ്പാസഡർ ശ്രീ. ജുവാൻ കാർലോസ് മാർസൻ അഗ്യുലേരയും കായിക യുവജനകാര്യഡയറക്ടർ ശ്രീ വിഷ്ണുരാജ് പി IAS ഉം ഒപ്പുവച്ചു.

ആദ്യഘട്ടമായി 5 ക്യൂബൻ ബോക്സിംഗ് പരിശീലകരുടെ സേവനം ലഭ്യമാക്കി 8 ദിവസത്തെ പരിശീലനപരിപാടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി 03.10.2025 ലെ ജി.ഒ(ആർ.റ്റി)245/2025/S& YA പ്രകാരം 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, കുന്നംകുളം സ്പോർട്സ് ഡിവിഷനിലെ കായിക ഇനങ്ങളിൽ യോഗ്യത നേടിയ കായിക താരങ്ങളെ പരിശീലിപ്പിക്കുന്നതിന് കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിലൂടെ പരിശീലകരെ നിയമിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, സ്പോർട്സ് സ്കൂളിലെ കുട്ടികളെ അവരുടെ കായിക ഇനത്തിന് അനുസൃതമായ വിദഗ്ധരായ പരിശീലകരെ നിയമിക്കുകയും, അവരുടെ പരിശീലന നിലവാരവും കഴിവുകളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ഈ പദ്ധതി കായിക വിദ്യാർത്ഥികളുടെ പ്രകടനത്തെ വർദ്ധിപ്പിക്കുവാനും, മികച്ച പരിശീലകരുടെ കീഴിൽ കായിക പരിശീലനം നൽകുന്നതിലൂടെ, കുട്ടികളിൽ സമഗ്രമായ വികസനം ലക്ഷ്യമാക്കുന്നു.

5/10/25